# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **853** — **11.06.2014** ൽ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിലെ കടൽഭിത്തി പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കിലോമീറ്റർ കടൽഭിത്തിയും പുലിമുട്ടും നിർമ്മിച്ചു; ഇതിനായി എന്തു തുക ചെലവായി; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 592 മീ. നീളത്തിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം നടന്നു. ഇതിനായി 115.75 ലക്ഷം രൂപ ചിലവഴിച്ചു. കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുറക്കാട് 14.45 കോടി രൂപയുടെ 16 പുലിമുട്ടുകളുടെ നിർമ്മാണം നടന്നു വരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കിലോമീറ്റർ കടൽഭിത്തിയും പുലിമുട്ടും നിർമ്മിച്ചു; എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6012 മീ. നീളം കടൽ ഭിത്തിയുടെ പുനരുദ്ധാരണവും 1491 മീ. നീളം കടൽ ഭിത്തിയുടെ നിർമ്മാണവും നടത്തി. 14.96 കോടി രൂപയുടെ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറക്കാട് രണ്ടാം കടൽ ഭിത്തി നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറക്കാട് ഭാഗത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടായതനുസരിച്ച് ചെന്നൈ ഐ.ഐ.ടി. പഠനം നടത്തുകയും അതിൻപ്രകാരം പുറക്കാട് പൂന്തല മുതൽ 4 കി.മീ. കടപ്പുറത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിൻപ്രകാരം പുറക്കാട് പൂന്തല മുതൽ 1650 മീ. നീളം വരുന്ന അഞ്ചാലുകടവുഭാഗത്ത് ഐ.ഐ.ടി പഠനത്തിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം നടന്നു വരുന്നു. ഇതിന്റെ ബാക്കി ഭാഗത്ത് (2350 മീ.) 26 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 18.60 കോടി രൂപയ്ക്കും അമ്പലപ്പുഴ നോർത്ത് പഞ്ചായത്തിൽ കോമനയിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് 560 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. കൂടാതെ അമ്പലപ്പുഴ വടക്കു പഞ്ചായത്തിൽ കക്കാഴം ഭാഗത്ത് 280 മീ. |

| | | | |
|---|---|---|---|
| | | | നീളത്തിൽ 180 ലക്ഷം രൂപയ്ക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | അമ്പലപ്പുഴ മണ്ഡലത്തിലെ കടൽ ത്തീരത്ത് പുലിമുട്ടുകളും കടൽ ഭിത്തിയും നിർമ്മിച്ച് സംരക്ഷിക്കുന്ന തിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് പൂന്തല മുതൽ വടക്കോട്ട് 4000 മീ. നീളത്തിൽ വരുന്ന ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കണമെന്ന് ചെന്നൈ ഐഐടി യുടെ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുറക്കാട് പൂന്തല മുതൽ വടക്കോട്ട് 1650 മീ. നീളം വരുന്ന ഭാഗത്ത് പുലിമുട്ടുകളുടെ പണി പുരോഗമിച്ചു വരുന്നു. ഇത് സംസ്ഥാന സർക്കാരിന്റേയും നബാർഡിന്റെയും സാമ്പത്തിക സഹായം കൊണ്ടാണ് നടപ്പിലാക്കുന്നത്. ബാക്കി 2350 മീ. നീളം വരുന്ന ഭാഗത്ത് 18.60 കോടി രൂപയ്ക്ക് പുലിമുട്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽപ്പെട്ട കോമനയിൽ കടൽഭിത്തി നിർമ്മാണത്തി നായി 280 മീ. നീളത്തിൽ 180 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് എസ്.എൽ.ഇ.സി. അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ